LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)

1. കോക്കല്ലൂർ-എരമംഗലം കാരാട്ടുപാറ-എടക്കര റോഡ്
2. കക്കോടി-പെരുമ്പ റോഡ്
3. കോഴിക്കോട്-ബാലുശ്ശേരി റോഡ്
4. പുതിയങ്ങാടി-ഉള്ള്യേരി-കുറ്റ്യാടി-പൊവ്വ റോഡ് (എസ്.എച്ച്.38)
5. അംശക്കച്ചേരി-പെരുകുളം റോഡ്
6. മുട്ടോളി-കുമുവട്ടൂർ റോഡ്
7. തടമ്പാട്ടുതാഴം-പറമ്പിൽകടവ് റോഡ്
8. കാക്കൂർ-പാവണ്ടൂർ-എടക്കര-ചേളന്നൂർ റോഡ്
9. ചേളന്നൂർ-പട്ടർപാലം-അണ്ടിക്കോട് റോഡ്
10. കാക്കൂർ-നരിക്കുനി റോഡ്
11. പാലത്ത്-പാലൊളിത്താഴം റോഡ്
12. തടമ്പാട്ടുതാഴം-പറമ്പിൽകടവ്-പുല്ലാളൂർ റോഡ് (പൊട്ടൻമൂഴി - പുല്ലാളൂർ)
13. നന്മണ്ട-ചീക്കിലോട് റോഡ്
14. കരേറ്റോത്ത്പാറ-പെരുമ്പൊയിൽ-മുവാട്ടുതാഴം റോഡ്
15. പുതലത്ത്താഴം-ചീപ്പാത്തിക്കുഴി-അമ്പലപ്പാട്-പെരുവലത്ത് താഴം റോഡ്
16. കുമാരസ്വാമിരാജ-നരിക്കുനി റോഡ്
17. പെരുവഴ്ച-മല്ലിശ്ശേരി താഴം റോഡ്

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

ബൈപ്പാസ് റോഡുകൾ

306 (7277) ശ്രീമതി കെ. കെ. ലതിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണാനുമതി നൽകിയിട്ടും നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കാനോ ആരംഭിക്കാനോ കഴിയാത്ത ബൈപ്പാസ് റോഡുകൾ ഏതൊക്കെയെന്നും ഓരോന്നിനും എത്ര തുകയ്ക്കുള്ള ഭരണാനുമതിയാണ് നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ബൈപ്പാസുകൾ നിർമ്മിക്കുന്നതിന് തടസ്സമായിട്ടുള്ള കാര്യങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പ്രസ്തുത തടസ്സങ്ങൾ നീക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 267.16 കോടിയുടെ കൊല്ലം ബൈപ്പാസ്, 225.75 കോടിയുടെ ആലപ്പുഴ ബൈപ്പാസ്,145.5 കോടിയുടെ കോഴിക്കോട് ബൈപ്പാസ് എന്നീ പ്രവൃത്തികൾക്ക് ദേശീയപാത വിഭാഗത്തിന് ഭരണാനുമതി നൽകിയിട്ടുണ്ടെങ്കിലും പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെകീഴിൽ ഭരണാനുമതി നൽകിയിട്ടും പണി പൂർത്തീകരിക്കാൻ സാധിക്കാത്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി&സി) ദേശീയപാത വിഭാഗത്തിൻകീഴിൽ പണി പൂർത്തിയാക്കുന്നതിന് തടസ്സങ്ങളൊന്നുമില്ല. എന്നാൽ നിരത്തുകളും പാലങ്ങളും വിഭാഗത്തിൻകീഴിൽ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള കാലതാമസവും കോടതി കേസുകളും പ്രവൃത്തി പൂർത്തീകരിക്കാൻ തടസ്സമായിട്ടുള്ള കാരണങ്ങളാണ്. റവന്യൂ അധികാരികളുമായും സ്ഥല ഉടമകളുമായി കൂടിയാലോചിച്ച് തടസ്സങ്ങൾ നീക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

തിരുവല്ല ബൈപ്പാസിന്റെ നിർമ്മാണം

307 (7278) ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവല്ല ബൈപ്പാസ് നിർമ്മാണം തടഞ്ഞുകൊണ്ടുള്ള ഹരിത ട്രൈബ്യൂണലിന്റെ ഉത്തരവ് എന്നാണ് ഉണ്ടായത് ;

(ബി) കെ.എസ്.റ്റി.പി. കൗണ്ടർ അഫിഡവിറ്റ് ഫയൽ ചെയ്തത് എന്നാണ് ;

(സി) കൗണ്ടർ അഫിഡവിറ്റ് സമർപ്പിക്കുവാൻ ഉണ്ടായ കാലതാമസത്തിന്റെ കാരണം എന്തെന്ന് വിശദമാക്കാമോ ;

(ഡി) കോടതി ഉത്തരവ് മാറ്റിക്കിട്ടുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) 24-2-2014-ൽ ആണ് ചെന്നൈ ഗ്രീൻ ട്രൈബ്യൂണലിന്റെ ഉത്തരവ് ഉണ്ടായത്.

(ബി) 18-10-2013, 28-1-2014, 7-7-2014 എന്നീ തീയതികളിൽ കൗണ്ടർ അഫിഡവിറ്റ് ഫയൽ ചെയ്തിട്ടുണ്ട്.

(സി&ഡി) 13-1-1978-ലെ ആരോഗ്യ വകുപ്പിന്റെ ഉത്തരവ് നമ്പർ 13/78/H.D/പാലിച്ചിട്ടില്ലെന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ ട്രൈബ്യൂണൽ പുറപ്പെടുവിച്ച സ്റ്റാറ്റസ്കോ ഉത്തരവ് റദ്ദാക്കി കിട്ടുന്നതിന് പരിസ്ഥിതി വകുപ്പിനെയും നിയമവകുപ്പിനെയും സമീപിച്ചതിന്റെ ഫലമായി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly